പ്രാചീന കേരള ലിപികൾ



എൽ. എ. രവിവർമ്മ.

ശ്രീരാമവൎമ്മ ഗ്രന്ഥാവലി

പ്രാചീന കേരള ലിപികൾ

[കേരള സാഹിത്യ അക്കാദമിയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന മുൻ കൊച്ചി
ഭാഷാ പരിഷ്കരണക്കമ്മററി വക ഗ്രന്ഥം.]



1971

ഗ്രന്ഥകൎത്താ
എൽ. ഏ. രവിവർമ്മ.

വില: പതിനഞ്ചുറുപ്പിക.

രണ്ടാം പതിപ്പ്

ആയിരം കോപ്പി.



ഉമാ & കമ്പനി

പ്രസ്സിൽ അച്ചടിച്ചതു്

ബ്ലോക്ക് നിർമ്മാണം:

കാർമൽ ഇൻഡസ്ട്രീസ്,

മാക്കററ് റോഡ്, എറണാകുളം.

INTRODUCTION

This primer is intended as a help to those who wish to get acquainted with the old scripts of Kerala. All the three varieties of scripts, Vettezhuthu (often mispronounced Vattezhuthu), Kolezhuthu and Malayanma are included in this.

The term "Ezhuthu" is derived from "ezhu" or "azhu"(=to mark by cutting or gouging), and stands for "marks or letters formed by some process of scratching or engraving". (Cf. terms like "azhuthuka"=to form a trough by gouging, etc). In South India, the commonest mode of writing was by some process of engraving, either by means of a sharp style or by the use of fine sharp chisels and mallet. The chiseling method was used on rocks or on thick copper plates; and this method subsequently derived its name "Vettezhuthu" or "cut-letters" from its method of production. The form of writing produced by a style got the name of "Kolezhuthu" from "Kole"=a style or an elongated stick-like material, and ezhuthu=letter. The full name of what is known as "Malayanma" is "Thekken-Malayanma"=Southern Malayalam. The name denoted the area in which it was current; it also served to distinguish itself from Tamil which was also very prevelant in the South. What may be termed the "flourish-writing" or "Rayasa-vativu" (=Rajasa-vativu) was written with a short sharp style inserted into a hole at the tip of the right index finger nail, or with an artificial steel nail ending in a down turned sharp point and worn on the right index finger very much after the fashion in which Kathakali

actors wear their artificial silver nails. This gave greater play to the writing finger and enabled the wrtrer to produce large flourishes in the scripts he wrote. Malayanma when written in the ordinary manner with the ordinary style or narayam did not get the rayasa flourishes and was hence easier to read.

In all these three classes of scripts, particularly in kolezhuthu and malayanma, the forms for പ, വ, ന & ത; ക & ച were in many cases very much alike and was a source of difficulty in decyphering. Further, in S. Travancore specially, kolezhuthu and malayanma forms often got intermixed and, as the same form sometimes stood for two distinct letters in the two scripts, chances for confusion became more pronounced. The rayasa-vativu with its terrible flourishes which forced one to evaluate a letter by the contextual setting than by actual recognition of form, made the already existing confusion still worse and rendered the old saying, "എഴുതുള്ളവനേ എഴുത്തുവായിക്കൂ", perfectiy true. The easiest of the three is Vettezhuthu; its forms are fairly uniform throughout Kerala, has no flourishes and has few local variations. The general want of long forms of O & E (ഓ & ഏ), want of compound consonants and the rare omission of long forms of I & U (ീ & ൂ) and the want of punctuation between sentences are the only difficulties to be met with there. In kolezhuthu many local variations are met with, besides a certain number of word-letter forms or grammalogues. In Malayanma to these are added confusing flourishes, many Tamil forms as well as many contraction forms for common words.

It should be noted that diffierent forms or differentiating marks for short and long O & E(ഒ, ഓ; എ, ഏ), the semi 'Ukara'

etc. of modern Malayalam are of recent origin and were unknown some 50 years back. It is therefore very interesting to find some attempts being made to differentiate these even in vettezhuthu in Malabar, Cochin and N. Travancore. This is very well marked in Malabar kolezhuthu where they used a simple line or a line with a short upturned end to the right of the main letter to be elongated. They also were depicting 'ardhaksharas' of ണ, ന, ല, ള & ര by an overhead diacritical dot. To these peculiarities attention is drawn in the foot notes in most cases.

Available records of Kerala show that the three classes of scripts, Vattezhuthu, Kolezhuthu and Thulumalayalam or Aryaezhuthu were known during all periods for which records are available. Malayanma is distinctly of later origin and is mainly confined to South Travancore. Even in very old rock-cut inscriptions one meets with aryaezhuthu in the form of a beginning salutation at least (Swasthi sri etc.). Very probably, Vettezhuthu is older than kolezhuthu as may be inferred from its simpler contour and its closer resemblance to Brahmi forms.

On plates 42 & 43 is depicted the probable link between Brahmi and old Kerala script. The hooked form in the second column is conjectural; but it should be noted that by the addition of a conjectural hook alone almost all the Kerala characters (Vettezhuthu) are directly derived from the Asoka Brahmi. Such perfect results connot be brushed aside as accidental coincidence. The 'hook' in my estimation is but the T sign (T), common to all Deva-nagari scripts. To say that Bhuller or some one else has stated otherwise or to think that the Aryans of ancient India were not sufficiently advanced in organised

culture to elaborate a definite sacred sign as an appendage to their scripts, scripts which they themselves called "nagari" or urban, cultured or improved, is to my mind idle. The "T" sign (T) could easily naturally get itself converted into the hook form thus:— T,

In plates 1 & 18, the vaccant places show that the corresponding forms were not met in the material at hand. All the forms entered are true copies of forms noted in actual manuscripts examined. Some of them are very rare and met with only once or twice.

Before concluding, it is my pleasent duty to express my indebtedness to those friends who helped me with old mss. to enable me to compile this small volume. Prominent among such friends are, Sahithyakusalan Mr. T. K. Krishna Menon, M. R. Ry. The Valiya Raja of Chirakkal, & Mahakavi Ulloor S. Parameswara Iyer avergal. My indebtedness to the Malayalam Improvement Committee of Cochin is supreme, in as much as this work owes its origin itself to that institution; and as its present President I owe a great obligation to my friend Mr. T. K. Krishna Menon for that and for all the material and moral help he has rendered to me to make this work what it is.

If the book is found to be of any little service to workers and students in the same field, I shall feel more than satisfied. I am aware of the many shortcommings in the book, which I hope the indulgent reader will excuse and bless my labours.

TRIVANDRUM,
21—oct.—'38.

L. A. RAVI VARMA.

അനുക്രമണിക

നമ്പർ	വിഷയവിവരം	ഭാഗം
	Introduction	i-iv
	പ്രവേശിക (ഇംഗ്ലീഷിന്റെ പരിഭാഷ)	v-xi
	ആമുഖം	xi-xviii
1	സ്വരങ്ങൾ	1
2	ക	2
3	ച	3
4	ട	4
5	ത	5
6	പ	6
7	ങ	7
8	ഞ	8
9	ണ	9
10	ന	10
11	ഩ	11
12	മ	12
13	യ	13
14	ര	14
15	റ	15
16	ല	16
17	വ	17
18	ഴ-ള	18
19	അക്കം (1-1000)	19-20
20	അളവു മുതലായവ	21-22
21	പലവക ചുരുക്കങ്ങൾ	23
22	വട്ടെഴുത്ത് (തിരുവിതാംകൂർ ശിലാലേഖ)	24
23	,, കൊച്ചിയിൽ (കുറെ ചോനകാലത്തു നടപ്പുണ്ടായിരുന്നത്)	25(a-b)
24	,, മലബാർ കൊല്ലവർഷം. 321-ൽ	26
25	തിരുവിതാംകൂർ കോലെഴുത്ത് (പരിണാമദശ)	27
26	തിരുവിതാംകൂർ കോലെഴുത്ത്	28-29
27	ഉത്തര തിരുവിതാംകൂർ കോലെഴുത്ത്	30
28	തിരുവിതാംകൂർ കോലെഴുത്ത്	31
29	കൊച്ചിയിലെ കോലെഴുത്ത്	32-33
30	മലബാർ കോലെഴുത്ത് (താമ്രപട്ടം)	34 (a-b)
31	,, മറ്റൊരു മാതിരി	35-36
32	മലയാണ്മ	37-38
33	,, (ഒരു പ്രത്യേകം എഴുത്ത്)	39
34	,, കൊച്ചി-ഇരിങ്ങാലക്കുട	40
35	മലബാർ—ഒരു പഴയ ആര്യ എഴുത്തിന്റെ പ്രതിരൂപം	41
36	ബ്രാഹ്മിയിൽനിന്നു പഴയ കേരള ലിപികളുടെ വളർച്ച	42-43

പ്രാചീന കേരള ലിപികൾ



Sree Rama Varma Grandhavali

PRACHEENA KERALA LIPIKAL

(Ancient Kerala Scripts)

Malayalam

By

Vydyasastranipunan

Dr. L. A. RAVI VARMA M. B., B. S., D. O. M. S., (LONDON)

Book of the Erstwhile Malayalam.
Improvement Committee



Published by
The Kerala Sahitya Akademi
Second Impression—March, 1971.
Copies One Thousand

Printed at
Uma & Co., Trichur-4. (Phone 2919)

Price Rs. 15-00.

പ്രവേശിക.

(ഇംഗ്ലീഷിന്റെ പരിഭാഷ.)

കേരളത്തിലെ പ്രാചീനലിപികളുമായി പരിചയം സമ്പാദിക്കുവാൻ ആഗ്രഹിക്കുന്ന സാഹിതീവിധേയന്മാൎക്ക് ഒരു സഹായമായിത്തീരണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് പ്രാചീനകേരളലിപികളെ സംബന്ധിച്ച ഈ പ്രഥമപാഠം തെയ്യാറാക്കിയിട്ടുള്ളത്. വട്ടെഴുത്ത് എന്നു പലപ്പോഴും തെററായി ഉച്ചരിക്കാറുള്ള വെട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ എന്നിങ്ങനെ മൂന്നുതരം ലിപികൾ ഇതിൽ ഉൾപ്പെടുന്നു.

'എഴുത്ത്' എന്നുള്ള വാക്ക്, വെട്ടി അടയാളപ്പെടുത്തുക, അല്ലെങ്കിൽ ചൂന്ന് അടയാളപ്പെടുത്തുക എന്ന അൎത്ഥമുള്ള 'എഴ്' അല്ലെങ്കിൽ 'അഴ്' എന്ന ധാതുവിൽനിന്ന് ഉത്ഭവിച്ചിട്ടുള്ളതും, കൊത്തിയോ ചൂന്നോ ഉണ്ടാകുന്ന വൎണ്ണങ്ങളേയോ ചിഹ്നങ്ങളേയോ നിൎദ്ദേശിക്കുന്നതുമാകുന്നു. 'അഴുത്തുക' മുതലായ പദങ്ങൾ നോക്കുക; ചൂന്നു ചാലുണ്ടാക്കുക എന്നാണ് അതിന് അൎത്ഥം. ദക്ഷിണഭാരതത്തിൽ സൎവ്വസാധാരണമായിരുന്ന ലേഖനസമ്പ്രദായം മൂൎച്ചയുള്ള വല്ല കോലു (എഴുത്താണി) കൊണ്ടോ, മൂൎച്ചയുള്ള ഉളിയും ചുററികയും ഉപയോഗിച്ചോ കൊത്തിയുണ്ടാക്കുകയായിരുന്നു. ഉളികൊണ്ടു വരയ്ക്കുന്ന രീതി പാറകളിന്മേലും നല്ല കനമുള്ള ചെമ്പുതകിടുകളിന്മേലും ആയിരുന്നു പ്രയോഗിച്ചിരുന്നത്. ക്രമേണ ഈ രീതിക്കു 'വെട്ടെഴുത്ത്' എന്ന് അതിന്റെ ജന്മരൂപത്തിൽനിന്നു പേരും സിദ്ധിച്ചു. കോലുകൊണ്ടു വരച്ചുണ്ടാക്കുന്ന എഴുത്തിനു 'കോലെഴുത്ത്' എന്നും പേരുണ്ടായി. 'മലയാണ്മ' എന്നറിയപ്പെടുന്നതിന്റെ പൂൎണ്ണമായ പേര് 'തെക്കൻ-മലയാണ്മ' എന്നാകുന്നു. ഈ പേര്, അതു പ്രചാരത്തിലുണ്ടായിരുന്ന ദേശവിഭാഗത്തെ സൂചിപ്പിച്ചു; ദക്ഷിണദേശത്തിൽ തുല്യപ്രചാരത്തിലിരുന്നിരുന്ന തമിഴിൽനിന്നു താനേതന്നെ വേൎതിരിച്ചറിയുന്നതിനു കൂടി

ഇതു വളരെ സഹായമായിത്തീൎന്നു. വലത്തെക്കൈയിന്റെ ചൂണ്ടാണിവിരലിന്റെ നഖാഗ്രത്തിലെ ഒരു ദ്വാരത്തിൽതിരുകിയ മൂൎച്ചയുള്ള കുറിയ ഒരുതരം കോലുകൊണ്ടാണ് 'രായസവടിവ്' (രാജസവടിവ്) എന്നു വിളിച്ചുവരുന്ന എഴുത്ത് എഴുതിയിരുന്നത്. ആ എഴുത്തുതന്നെ, ചിലപ്പോൾ, കഥകളിവേഷക്കാർ തങ്ങളുടെ വിരലുകൾക്കു വെള്ളികൊണ്ടുള്ള കൃത്രിമങ്ങളായ നഖങ്ങൾ ധരിക്കാറുള്ളതുപോലെ, വലത്തേക്കൈയിന്റെ ചൂണ്ടാണിവിരലിന്മേൽ വെക്കാറുള്ളതും മൂൎച്ചയുള്ള അഗ്രഭാഗം ചുവട്ടിലേക്കു വളച്ചതുമായ കൃത്രിമലോഹനഖങ്ങൾകൊണ്ടും ആകുവാനിടയുണ്ടു്. ഈ രീതി അല്ലെങ്കിൽ സമ്പ്രദായം എഴുതുന്നതിനുപയോഗിക്കുന്ന ചൂണ്ടാണിവിരലിനെ യഥേഷ്ടം പെരുമാറുവാൻ ഇടവരുത്തുന്നതുകൊണ്ടു്, ലേഖനകൎത്താവിനു താൻ എഴുതുന്ന ലിപികളിൽ പലതരത്തിലുള്ള അലങ്കാരങ്ങൾ ചെയ്യുവാൻ സാമാന്യത്തിലധികം സഹായിച്ചു. കോലുകൊണ്ടോ നാരായംകൊണ്ടോ സാധാരണ രീതിയിൽ എഴുതുമ്പോൾ, മലയാണ്മയ്ക്കു് ആ വക രായസവടിവുകൾ കിട്ടുവാൻ പ്രയാസമാണ്. അക്കാരണംകൊണ്ടുതന്നെ അതു മററു ലിപികളേക്കാൾ കൂടുതൽ സുഗ്രഹവുമായിരുന്നു.

ഈ മൂന്നു തരത്തിലുള്ള ലിപികളിലും—വിശേഷിച്ചു കോലെഴുത്ത്, മലയാണ്മ എന്നിവയിൽ—പ, വ, ന, യ എന്നീ വൎണ്ണങ്ങൾക്കും ക, ച, എന്നീ വൎണ്ണങ്ങൾക്കും ഉള്ള രൂപങ്ങൾക്കു വളരെ സാമ്യമുണ്ടായിരുന്നതിനാൽ, അവ പലപ്പോഴും വായിച്ചു മനസ്സിലാക്കുക വിഷമമായിരുന്നു, എന്നുതന്നെയുമല്ല, ദക്ഷിണതിരുവിതാംകൂറിൽ വിശേഷിച്ചും കോലെഴുത്തുരൂപങ്ങളും മലയാണ്മരൂപങ്ങളും പലപ്പോഴും തമ്മിൽ കെട്ടുപിണഞ്ഞു കിടക്കുകയും ചെയ്തിരുന്നു. ഈ രണ്ടു ലിപികളിലുമുള്ള രണ്ടു ഭിന്നവൎണ്ണങ്ങൾക്കുവേണ്ടി ഒരു രൂപംതന്നെ നില്ക്കുകയും ചെയ്തതിനാൽ, കുഴപ്പത്തിനുള്ള വഴി കുറച്ചുകൂടി കൂടുതലായി. രായസവടിവിന്റെ ആഡംബരങ്ങൾകൊണ്ട് ആകാരത്താലല്ലാതേ സന്ദൎഭംകൊണ്ട് അക്ഷരം അറിയേണ്ടതായി വന്നുകൂടി. ഈ അവസ്ഥ കുഴപ്പത്തെ കുറേക്കൂടി അധികമാക്കുകയും, "ഉട്ടുള്ളവനേ ഏട്ടുവായിക്കൂ" എന്നുള്ള പഴഞ്ചൊല്ലി

നെ തികച്ചും അനർത്ഥമാക്കിത്തീക്കുകയുംചെയ്തു. മൂന്നു ലിപികളിലും വെച്ചു് ഏററവും സുഗമമായിട്ടുള്ളതു വെട്ടെഴുത്താകുന്നു. കേരളം മുഴുക്കെ അതിന്റെ രൂപങ്ങൾ മിക്കവാറും ഒരേ മട്ടിൽ ഉള്ളവയാണു്. വിലാസമായ വടിവുകളോ പ്രാദേശികമായ ഭേദഗതികളോ അതിനില്ല. പക്ഷേ, നമുക്കു അനുഭവപ്പെടുന്ന ചില വൈഷമ്യങ്ങൾ ഓ, ഏ എന്നീ ദീർഘസ്വരങ്ങളുടെ സാമാന്യാഭാവം, കൂട്ടക്ഷരങ്ങൾ ഇല്ലാതിരിക്കൽ, ഈ, ഊ, (ീ, ൂ) എന്നീ ദീർഘചിഹ്നങ്ങളെ ചിലപ്പോൾ പരിത്യജിക്കുക, വാചകങ്ങൾ തമ്മിൽ ചിഹ്നങ്ങളൊന്നും ഇല്ലാതെയിരിക്കുക, എന്നിവയാണു്. കോലെഴുത്തിൽ പ്രാദേശികമായി പല വ്യത്യാസങ്ങളും കാണുന്നുണ്ടു്. അതിനുപുറമേ, ചില വാക്കുകളെ കാണിക്കുന്ന ചില ലിപികളേയും കണ്ടുവരുന്നു. മലയാണ്മയിലാകട്ടെ, ആ വക ദുർഘടങ്ങൾക്കു പുറമേ, സംഭ്രമമുളവാക്കുന്ന പല രായസവടിവുകളും തമിഴ് രൂപങ്ങളും വാക്കുകൾക്കു പകരം ചുരുക്കിയ രൂപങ്ങളും ഉപയോഗിച്ചു കാണുന്നു.


ആധുനികമലയാളത്തിൽ എ, ഏ; ഒ, ഓ എന്നീ ഹ്രസ്വദീർഘസ്വരങ്ങളെ കുറിക്കുന്ന പ്രത്യേകരൂപങ്ങളും അരയുകാരവും മററും നൂതനോൽപന്നങ്ങളും ഉദ്ദേശം അമ്പതു കൊല്ലങ്ങൾക്കു മുൻപു് അജ്ഞാതങ്ങളും ആയിരുന്നു. അതുകൊണ്ടു് മലബാറിലും കൊച്ചിയിലും ഉത്തരതിരുവിതാംകൂറിലും വെട്ടെഴുത്തിൽ ഇവയേപ്പോലും വകതിരിക്കുവാൻ ചില ശ്രമങ്ങൾ ചെയ്തുകാണുന്നതായി അറിയുന്നതു വളരെ രസാവഹമായിരിക്കും. മലബാറിലെ കോലെഴുത്തിൽ ഇതു വളരെ സ്പഷ്ടമായി അടയാളപ്പെടുത്തിയിരിക്കുന്നു. അവിടങ്ങളിൽ നീട്ടി ഉച്ചരിക്കുവാനുള്ള പ്രധാനവർണ്ണത്തിന്റെ വലതുഭാഗത്തായി ഒരു വരയോ, മേല്പോട്ടു വളച്ച അഗ്രത്തോടുകൂടിയ ഒരു വരയോ ഉപയോഗിച്ചിരിക്കുന്നു. മ, ന, ല, ഴ, ര എന്നിവയുടെ മുകളിൽ കുത്തുകളിട്ടു് അവയുടെ അർദ്ധാക്ഷരങ്ങളെ കുറിക്കുന്ന പതിവും ഉണ്ടായിരുന്നു. ഈ വക പ്രത്യേകതകളിലേക്കു അതാതിടങ്ങളിൽത്തന്നേ ചുവടേ കൊടുത്തിട്ടുള്ള അടിക്കുറിപ്പുകൾ വഴിയായി അനുവാചകരുടെ ശ്രദ്ധയേ സവിശേഷം ആകർഷിച്ചിട്ടുണ്ടു്.

കേരളത്തിൽനിന്നു കിട്ടാവുന്ന രേഖകൾ, അവ സൂചിപ്പിക്കുന്ന കാലഘട്ടത്തിലെല്ലാം, വെട്ടെഴുത്തു്, കോലെഴുത്തു്, തുളു-മലയാളം അല്ലെങ്കിൽ ആര്യഎഴുത്തു് എന്നീ മൂന്നു തരത്തിലുള്ള ലിപികളും അറിയപ്പെട്ടിരുന്നു എന്നു കാണിക്കുന്നുണ്ടു്. മലയാണ്മ പിൽക്കാലത്തു് ഉണ്ടായിട്ടുള്ളതാണെന്നുള്ളതു് എത്രയും സ്പഷ്ടമാണു്. അതു ദക്ഷിണതിരുവിതാംകൂറിൽ മാത്രമേ പ്രധാനമായി പ്രചരിച്ചിരുന്നുള്ളു. അതിപുരാതനമായ ശിലാലിഖിതങ്ങളിൽപോലും സ്വസ്തിശ്രീ എന്നിപ്രകാരമുള്ള മംഗലാചരണങ്ങളുടെ രൂപത്തിലെങ്കിലും ആര്യഎഴുത്തിനെ കാണുവാൻ കഴിയുന്നു. വെട്ടെഴുത്തിന്റെ ലളിതമായ ആകൃതിയിൽനിന്നും അതിനു ബ്രാഹ്മിരൂപങ്ങളോടുള്ള ആത്യന്തികമായ സാദൃശ്യത്തിൽനിന്നും ഊഹിക്കാവുന്നതുപോലെ, അതു കോലെഴുത്തിനേ അപേക്ഷിച്ചു പ്രാചീനതരമാണെന്നു പറയുന്നതു്, പക്ഷേ, വളരെ സംഭവ്യമായിട്ടുള്ളതാകുന്നു.

42-ം, 43-ം, പത്രങ്ങളിൽ പ്രാചീനകേരളലിപികൾക്കും ബ്രാഹ്മിക്കും സംഭവ്യമായിട്ടുള്ള ബന്ധത്തെ ആലേഖനംചെയ്തിരിക്കുന്നു. രണ്ടാമത്തെ കള്ളിയിലുള്ള അങ്കുശരൂപം ഊഹഗോചരമായിട്ടുള്ളതാണു്. ആനുമാനികമായ അങ്കുശരൂപം ചേർത്തുകൊണ്ടുമാത്രമാണു് വെട്ടെഴുത്തിലുള്ള മിക്ക കേരളലിപികളും അശോകബ്രാഹ്മിയിൽനിന്നു നേരിട്ടുണ്ടായതെന്നു ഓർത്തിരിക്കേണ്ടതാണു്. അപ്രകാരമുള്ള പരിണതഫലങ്ങളെ യദൃച്ഛാസംഭവങ്ങളാണെന്നു വിചാരിച്ചു മാററിവെക്കാവുന്നതല്ല. ഈ 'അങ്കുശം' എന്റെ അഭിപ്രായത്തിൽ, ദേവനാഗരിയിലെ ലിപികൾക്കെല്ലാം സാധാരണമായ T എന്ന ചിഹ്നം മാത്രമാകുന്നു. ബ്യുള്ളരോ വേറേ ചിലരോ മററുപ്രകാരത്തിൽ പ്രസ്താവിച്ചിട്ടുണ്ടെന്നു പറയുന്നതു് അലസതയുടെ ലക്ഷണമാണു്. അതുപോലെതന്നെയാണു്, നാഗരി, നാഗരികം; സംസ്കൃതം, പരിഷ്കൃതം, എന്നെല്ലാം സ്വയം പരിച്ഛേദിച്ചിട്ടുള്ള അവരുടെ ലിപികൾക്കു നിയതവും പൂജ്യവുമായിട്ടുള്ള ഒരു ചിഹ്നം നിർമ്മിക്കുവാൻ തക്കവണ്ണം പ്രാചീന ഇൻഡ്യയിലെ ആര്യന്മാരുടെ സംസ്കാരത്തിനു പുരോഗതി ഉണ്ടായില്ലെന്നു വിചാരിക്കുന്നതും ഈ T ചിഹ്നം T, 7 7 T 1 എന്നിങ്ങനെ സ്വാഭാവികമായി

എളുപ്പത്തിൽ രൂപാന്തരപ്പെട്ടിരിക്കുവാൻ ഇടയുണ്ടെന്നു വിചാരിക്കുന്നതിൽ അബദ്ധത്തിനു അവകാശമില്ല.

1. 18. ഏടുകളിൽ കാണുന്ന ശൂന്യമായ ഇടങ്ങൾ കൈവശം വന്നുചേൎന്ന ഉപകരണങ്ങളിൽ, അതിനനുസരണമായ രൂപങ്ങൾ കാണാതിരുന്നതിനേയാണു് സൂചിപ്പിക്കുന്നതു്. പ്രസ്തുതഗ്രന്ഥത്തിൽ ചേൎത്തിട്ടുള്ള രൂപങ്ങളെല്ലാംതന്നെ പരിശോധിതമായ യഥാൎത്ഥഹസ്തലേഖ്യങ്ങളിൽ കണ്ടതായ രൂപങ്ങളുടെ കേവലപ്രതിരൂപങ്ങളാകുന്നു. ഈ ലിഖിതങ്ങളിൽ ചിലതുകൾ വളരെ അപൂൎവ്വമായിട്ടുള്ളവയാണു്.



ഈ ഭാഗം അവസാനിപ്പിക്കുന്നതിനു മുൻപു് ഈ ലഘുഗ്രന്ഥത്തിന്റെ സംഗ്രഹത്തിൽ പ്രാചീനഹസ്തലേഖനങ്ങളും മററും ശേഖരിച്ചുതന്നു് എന്നെ സഹായിച്ചിട്ടുള്ള സ്നേഹിതന്മാരോടു് എനിക്കുള്ള നന്ദിയേ പ്രകാശിപ്പിക്കുകകൂടി ചെയ്യേണ്ടതു് എന്റെ ഒരു കൃത്യമാകുന്നു. ആ സുഹൃത്തുക്കളിൽ പ്രമുഖന്മാരായിട്ടുള്ളവർ സാഹിത്യകുശലൻ ശ്രീമാൻ ടി. കെ. കൃഷ്ണമേനോൻ അവർകൾ, ചിറയ്ക്കൽ വലിയ രാജാ തിരുമനസ്സുകൊണ്ടു്, മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരവർകൾ എന്നിവരാകുന്നു. കൊച്ചിയിലെ ഭാഷാപരിഷ്കരണക്കമ്മററിയോടും എനിക്കുള്ള കടപ്പാടു് കുറച്ചൊന്നുമല്ല. ഈ ഗ്രന്ഥത്തിന്റെ ഉത്ഭവത്തിനു തന്നെ ഹേതു ആ സമിതിയും അതിന്റെ ഇപ്പോഴത്തേ അദ്ധ്യക്ഷനായ എന്റെ സ്നേഹിതൻ ശ്രീമാൻ ടി. കെ. കൃഷ്ണമേനോൻ അവർകളും ആണു്. ഇതിന്റെ ഇപ്പോഴത്തെ രൂപത്തിൽ ഇതിനെ തെയ്യാറാക്കുവാൻ വേണ്ട എല്ലാവിധസഹായങ്ങളും എനിക്കു ചെയ്തുതന്നിട്ടുള്ള എന്റെ സ്നേഹിതനു ഞാൻ അത്യധികം കടപ്പെട്ടിരിക്കുന്നു.

പ്രകൃതപുസ്തകം ഏതുവിഷയത്തിൽ പരിശ്രമിക്കുന്ന വിദ്യാൎത്ഥികൾക്കും ഉദ്യോഗികൾക്കും ഏതെങ്കിലും പ്രകാരത്തിൽ ഉപകരിക്കുമെങ്കിൽ, അതുതന്നെയാണു് എനിക്കുള്ള ഏററവും വലിയ കൃതാൎത്ഥത. ഇതിൽ പല ന്യൂനതകളും വന്നിരിക്കാനിടയുണ്ടെന്നു് എനിക്കറിയായ്ക

യില്ല. ഉദാരമതികളായ വായനക്കാരെല്ലാം അവയെ സദയം ക്ഷമിച്ചു് എന്റെ ഈ പരിശ്രമത്തെ അനുഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു.

തിരുവനന്തപുരം,
21—10—1938.

എൽ. ഏ. രവിവൎമ്മ.

ആമുഖം

ആൎയ്യാവൎത്തത്തിൽ ആദികാലത്തു പലതരം ലിപിസമുച്ചയങ്ങൾ ഉണ്ടായിരുന്നിരിക്കണം. ആ വിധം ഊഹിക്കുവാൻ വഴിയുമുണ്ടു്. ബുദ്ധൻെറ കാലത്തു് അറുപത്തിനാലുതരം ലിപികൾ ഉണ്ടായിരുന്നതായി ലളിതവിസ്താരത്തിൽ കാണുന്നു. ഇവ നടപ്പില്ലാതായിട്ടു വളരെ നാളായി. ഇവയെക്കുറിച്ചു് ഇവിടെ വിസ്തരിക്കുന്നതു പ്രയോജനകരമായിരിക്കുകയില്ല. അതുകൊണ്ടു ഞാനതിനു തുനിയുന്നില്ല.

ചരിത്രലക്ഷ്യങ്ങൾ, പ്രത്യേകിച്ചു ശിലാരേഖകൾ, പ്രകാരം ബ്രാഹ്മി, ഖരോഷ്ഠി എന്നീ രണ്ടു ജാതി ലിപികൾ പണ്ടുണ്ടായിരുന്നതായി തെളിയുന്നുണ്ടു്. ഇവയിൽ ഖരോഷ്ഠി ഇൻഡ്യയുടെ വടക്കു പടിഞ്ഞാറെ ഭാഗത്തു കുറച്ചു ദിക്കിൽ മാത്രം നടപ്പിലിരുന്നതാകുന്നു. എ. ഡി. നാലാം ശതകത്തോടുകൂടി അതു പ്രചാരലുപ്തമായിത്തീൎന്നു. ഇൻഡ്യയുടെ ശേഷം ഭാഗത്തു്, ഖരോഷ്ഠി നടപ്പിലിരുന്ന ദിക്കിൽകൂടിയും, പ്രചരിച്ചിരുന്നതാണു് ബ്രാഹ്മി. അതിൻെറ തെക്കൻസമ്പ്രദായത്തിലുള്ള രൂപാന്തരത്തിനു ദ്രാവിഡി എന്നു പേർ പറഞ്ഞിരുന്നു.

ഖരോഷ്ഠിയെ എഴുതിയിരുന്നതു വലത്തുനിന്നു് ഇടത്തോട്ടായിരുന്നു. എന്നാൽ ബ്രാഹ്മിയെ എഴുതി വന്നിരുന്നതു നേരെ മറിച്ചായിരുന്നു. ഇതിനേയും, ഖരോഷ്ഠിയെപ്പോലെ, എഴുതിയിരുന്നു എന്നും, പിന്നീടു്, ഒന്നിടവിട്ടു്, വലത്തുനിന്നു് ഇടത്തോട്ടും ഇടത്തുനിന്നു വലത്തോട്ടും എഴുതി വന്നു്, ഒടുവിൽ, എഴുതുവാനുള്ള സൗകൎയ്യത്തിനു്, ഇടത്തുനിന്നു വലത്തോട്ടായതാണെന്നുമുള്ള പക്ഷക്കാരുമുണ്ടു്.

ഭാഷാശാസ്ത്രജ്ഞന്മാർ ഇൻഡ്യയിലെ സകലലിപികളുടേയും മൂലമായി ഊഹിച്ചു കരുതിപ്പോരുന്നതു ബ്രാഹ്മിയെയാകുന്നു. കാലക്രമത്തിൽ, ദേശഭേദാദികളെ ആശ്രയിച്ചു്, ബ്രാഹ്മിയിൽ വ്യത്യാസങ്ങൾ

വന്നുചേൎന്നു. ഭിന്നങ്ങളായ പേരുകളുള്ള വേറെ വേറെ ലിപികളായി മാറിയതോടുകൂടി, ആദ്യമുണ്ടായിരുന്ന ബ്രാഹ്മി നിരുപയോഗമായി ചമഞ്ഞു. ഇപ്പോൾ ഏകദേശം എ. ഡി. നാലാം ശതകാൎദ്ധത്തിനുമുമ്പുള്ള ബ്രാഹ്മിക്കു മാത്രമേ ആ പേർ പറയാവൂ.

ബ്രാഹ്മിയുടെ ഉൽപത്തിയെക്കുറിച്ചു പല അഭിപ്രായങ്ങളുമുണ്ടു്. ചില പാശ്ചാത്യപണ്ഡിതന്മാർ ബ്രാഹ്മി ഇൻഡ്യയിലുണ്ടായതല്ലെന്നും, വിദേശത്തുനിന്നു് ഇവിടെ വന്നുകൊണ്ടിരുന്ന കച്ചവടക്കാരിൽനിന്നു്, (ഏകദേശം 800 ബി. സി. എടയ്ക്കു്) കടം വാങ്ങിയതാണെന്നും പ്രസ്താവിച്ചിരിക്കുന്നു. ഈ നിലയിൽതന്നെ ഇതിൻെറ ഉൽപത്തിസ്ഥാനത്തെക്കുറിച്ചും പല ഭിന്നാഭിപ്രായങ്ങളുണ്ടു്. ചീനയിലെ ചിത്രലിപികളിൽനിന്നാണെന്നു ചിലർ; അതല്ലാ, ഗ്രീക്കു്, ഫിനീഷ്യൻ, എന്നിവയിൽനിന്നാണെന്നു മററു ചിലർ; വേറേ ചിലർ അസീറിയായിലെ ആപ്പാകൃതിഅക്ഷരങ്ങളിൽനിന്നെന്നും, തെക്കൻ സെമിററിക്കു് ലിപികളിൽനിന്നെന്നും, തെക്കേ ആഫ്രിക്കയിലെ സാബിയൻലിപിക്കു മൂലമായിരുന്ന ഒരുതരം ലിപിയിൽനിന്നെന്നും പറയുന്നു. ബുൾഹർ, ബ്രാഹ്മി വടക്കൻ സെമിററിക്കിൽനിന്നുത്ഭവിച്ചതാണെന്നു പല ഉദാഹരണങ്ങളോടുകൂടി പ്രതിപാദിച്ചിട്ടുണ്ടു്. പക്ഷെ, ഖരോഷ്ഠി വടക്കൻ സെമിററിക്കിൽ നിന്നുണ്ടായതാണെന്നു സൎവ്വസമ്മതമായിരിക്കെ, അതും അതിൽനിന്നു വളരെ വിപരീതമായ ബ്രാഹ്മിയും ഒന്നിൽനിന്നു വന്നതാണെന്നു പറയുവാൻ പാടില്ലെന്നു ലാസൻ, കന്നിങ്ങാം മുതലായവർ ശങ്കിക്കുന്നു.

ലിപികൾ ഈശ്വരസൃഷ്ടങ്ങളാണെന്നു പല ഹിന്തുക്കളും ചീനക്കാരും ജൈനരും ബുദ്ധമതക്കാരും വിശ്വസിച്ചുവരുന്നു. ബാദാമിയിലെ ക്ഷേത്രത്തിൽ ഉള്ള ബ്രഹ്മാവിൻെറ ബിംബത്തിൻെറ കൈയിൽ, ഒരു കെട്ടോലയുണ്ടു്. ബ്രഹ്മാവു സൃഷ്ടിക്കുകയാലാണു് ബ്രാഹ്മി എന്ന പേരുണ്ടായതു്; ബ്രാഹ്മി കടംകൊണ്ടതല്ല; അതു് ഇൻഡ്യയുടെ സ്വയാൎജ്ജിതസ്വത്താണു്; എന്നിങ്ങനെയാകുന്നു ഹിന്തുക്കളുടെ സിദ്ധാന്തം. പണ്ടു

ണ്ടായിരുന്ന ലിപികളെ ആര്യന്മാർ കാലാന്തരത്തിൽ മറന്നുപോയത്രെ; പിന്നീട് അവയെ പരാശരപുത്രനും പുരാണകവിയുമായ വ്യാസഭഗവാൻ തന്റെ അത്ഭുതശക്തികൊണ്ടു വീണ്ടും കണ്ടുപിടിച്ചു എന്ന് പതിനൊന്നാം ശതകത്തിൽ ഇൻഡ്യയിൽവന്ന അറബിയാത്രികനായ ആൽബറൂണി കൂടി കഥിക്കുന്നു.

ഭാഷാകോവിദന്മാരുടെ വിപരീതമതങ്ങളെക്കൊണ്ടു സംശയം മാത്രം ശേഷിച്ചിരിക്കുന്ന ഈ വിഷയത്തിൽ, 'കിങ്കരഃ കിം കരോമ്യഹം' എന്ന സമാധാനത്തോടുകൂടി മലയാചലത്തിന്റെ ഛായയിലുള്ള മലനാട്ടിൽ ശരണംപ്രാപിക്കുവാനേ മാർഗ്ഗം കാണുന്നുള്ളു.

ക്രിസ്ത്വബ്ദത്തിന്റെ ഉദ്ദേശം മൂന്നാം ശതകത്തോടുകൂടി ബ്രാഹ്മി തെക്കേ ഇൻഡ്യയിൽ പ്രവേശിച്ചിരിക്കുന്നു. ഇതു രൂപാന്തരപ്പെട്ടു വളർന്നു വന്നതാണ് വട്ടെഴുത്ത് എന്ന് അനേകം ഭാഷാപ്രവീണന്മാർ ഉറപ്പായി പറയുന്നു. ഒരു കാലത്ത് ഇതു തമിഴ്നാട്ടിൽ മുഴുവനും നടപ്പിലിരുന്നിരിക്കണം. എന്നാൽ പ്രാകൃതഭാഷാഭിലാഷികളായിരുന്ന പല്ലവന്മാർ ഉത്തരതമിഴ്നാടു കൈക്കലാക്കിയകാലത്ത്, അവർ അവിടെ ഗ്രന്ഥാക്ഷരവും (ഇതു സംസ്കൃതഭാഷയെ എഴുതുവാൻ വേണ്ടിയുണ്ടാക്കിയ ഒരു 'കൃത്രിമസൃഷ്ടി'യാണ്) ഗ്രന്ഥത്തമിഴും നടപ്പിലാക്കി. അന്നും തമിഴ്നാടിന്റെ ശേഷം ഭാഗത്തും പാണ്ഡ്യദേശത്തും മലനാട്ടിലും (അതായതു കേരളം) വട്ടെഴുത്തുതന്നെ നടപ്പിലിരുന്നു. ഈ രണ്ടു രാജ്യങ്ങളുടെ അതിർത്തിസ്ഥലങ്ങളിൽ വട്ടെഴുത്തും ഗ്രന്ഥത്തമിഴും മിശ്രമായി ഉപയോഗിച്ചുംപോന്നു.

പല്ലവന്മാർ ക്ഷയിച്ചു ചോളർ ഉയർന്നതോടുകൂടി; തമിഴ്നാട്ടിൽ മുഴുവനും തമിഴ്ലിപി പ്രചരിച്ചു. അന്നും അവർക്കു കീഴടങ്ങാതെനിന്ന ചേരരാജ്യത്തും വട്ടെഴുത്തു നിലനിന്നുപോന്നു. ചേരരാജ്യത്തിൽ, മലനാടിനു പുറമെ, മൈസൂർ, കോയമ്പത്തൂര്, സേലം, തോണ്ഡമണ്ഡലം എന്നിവയും പെട്ടിരുന്നു. തമിഴ്നാടു വിജയസാമ്രാജ്യത്തിന്റെ അടിയിൽ പെട്ട ഉടനെ, ആ രാജാക്കന്മാർ നാഗരലിപിയെ തമിഴ്നാട്ടിലേ

ക്കു കടത്തിക്കൊണ്ടുവന്നു. മഹാരാഷ്ട്രർ അവിടെ ചെറുരാജ്യങ്ങൾ സൃഷ്ടിച്ചുതുടങ്ങിയതോടുകൂടി, ആ ലിപിക്കു പരക്കെ പരക്കുവാനുള്ള അവസരവും കിട്ടി.

വളഞ്ഞ രേഖകൾ അധികം ഉള്ളതുകൊണ്ടായിരിക്കണം ഈ ലിപിക്കു വട്ടെഴുത്ത്, വട്ടം എന്നീ പേരുകൾ വന്നത് എന്നു ചിലർ പറയുന്നു. വട്ടെഴുത്തിനു നാനംമോനമെന്നും തെക്കൻമലയാണ്മ എന്നും വേറെ പേരുകൾ ഉണ്ട്. ഈ ലിപികൾ മറേറതിനെ അപേക്ഷിച്ചു കൂടുതൽ വളവുള്ളതല്ല. (വടു=അടയാളം. വടിവ് എന്നതിൽനിന്നും ജനിച്ചതായി കരുതാം.) (വടു=Vലിഖ് എന്ന പദം നോക്കുക). ലിപിശാസ്ത്രജ്ഞനായ ഗ്രന്ഥകർത്താവു് അഭിപ്രായപ്പെടുംപോലെ, അതിന്റെ ജന്മപ്രകൃതികൊണ്ട് അതിനു വെട്ടെഴുത്ത് എന്ന പേരായിരിക്കണം നടപ്പിൽ ഇരുന്നിരുന്നത്. തെക്കൻമലയാണ്മ എന്നതു കുറേ വ്യത്യാസമുള്ളതും തെക്കൻനാട്ടിൽ മാത്രം പ്രചരിച്ചിരുന്നതുമാണ്. "നമോ നാരായണായ" എന്നായിരുന്നു "ഹരിശ്രീ"ക്കു പകരം പണ്ടു തുടങ്ങിയിരുന്നത്. അതിലേ ആദ്യക്ഷരങ്ങളായ "നാനം. മോനം" എന്നതു വച്ച് ഈ പേർ ഏർപ്പെട്ടു. പാണ്ഡ്യദേശത്തും മലനാട്ടിലുംനിന്നാകുന്നു ഈ ലിപിയിൽ കൊത്തീട്ടുള്ള അധികം ശിലാശാസനങ്ങളും കിട്ടീട്ടുള്ളത്. മലയാളികൾ മണിപ്രവാളമായി തങ്ങളുടെ ഭാഷയിൽ സംസ്കൃതപദങ്ങളെ അധികമായി ചേർക്കുവാൻ തുടങ്ങിയപ്പോൾ, അവർ ആര്യഎഴുത്ത് എന്ന ഗ്രന്ഥലിപിയെ (ആര്യഎഴുത്ത്, തുളുമലയാളം, എന്നതു ഗ്രന്ഥലിപിയോ തജ്ജന്യമോ അല്ല. അവ പല്ലവകാലത്തും ചാലൂക്യകാലത്തുമായി ബ്രാഹ്മിയിൽനിന്നും തന്നേ ജനിച്ചു വളർന്ന ഒരു ലിപിവിശേഷമാണ്.) ഉപയോഗിപ്പാൻ തുടങ്ങി. അതിനുശേഷവും, മലനാട്ടിൽ ഒരു ചെറിയ ഭാഗം ആളുകൾ മാത്രമേ വട്ടെഴുത്തു പഠിച്ചുവന്നുള്ളു. അതുതന്നെ പിന്നെ കോലെഴുത്തായി രൂപാന്തരപ്പെടുകയും കാലാന്തരത്തിൽ നശിച്ചുപോകുകയും ചെയ്തു. കോലെഴുത്ത് അടുത്തകാലംവരെ വടക്കേ മലയാളത്തിലെ മഹമ്മദീയരുടെ ഇടയിൽ നടപ്പുണ്ടായിരുന്നു.


തമിഴ മുതലായ ലിപികൾപോലെ വട്ടെഴുത്തും ബ്രാഹ്മിയിൽനിന്നു പിരിഞ്ഞു വേറെയായി വളൎന്നുവന്നതാണ്. പാണ്ഡ്യദേശത്തുകൂടി എ. ഡി. 1000-ാമാണ്ടിനു മുമ്പുള്ള ശിലാരേഖകൾ വട്ടെഴുത്തിലല്ലാതെ തമിഴിൽ കൊത്തിയതായി കാണുന്നില്ല. ഒടുവിൽ ഇതു മലനാട്ടിൽ മാത്രമായി കലാശിച്ചു. തെലുങ്കുകർണ്ണാടകവർഗവും തുളുമലയാളവും ഒരേ മൂലത്തിൽനിന്നും ജനിച്ച രണ്ടു ശാഖകൾമാത്രമാണ്.

ഇപ്പോൾ ഓരോ ഭാഷയ്ക്കും പ്രത്യേകം പ്രത്യേകം പ്രചാരത്തിലിരിക്കുന്ന ലിപികൾ ഇന്നത്തെ രൂപത്തിലെത്തീട്ടു സുമാർ ഇരുനൂറിൽപരം വൎഷങ്ങളായിരിക്കണം. തെക്കേ ഇൻഡ്യയിലെ ഭാഷകൾക്ക് ഉപയോഗിച്ചുവരുന്ന ഗ്രന്ഥലിപി, തമിഴലിപി ഇവയ്ക്കുതമ്മിൽ സാമ്യമുണ്ടു്; മലയാളം, ഗ്രന്ഥം എന്നീ ലിപികൾക്കുതമ്മിലും സാമ്യമുണ്ടു്; ഇതുപോലെതന്നെ കൎണ്ണാടകം, തെലുങ്ക് എന്നീ ലിപികളും അന്യോന്യം സാമ്യമുള്ളവയാണ്.

കേരളത്തിലുള്ള ചില മഹാക്ഷേത്രങ്ങളിലും പല വലിയ പഴയ ഇല്ലങ്ങളിലും രാജാക്കന്മാരുടെ കൊട്ടാരങ്ങളിലും ഇടപ്രഭുക്കന്മാരുടെ ഭവനങ്ങളിലും ഇന്നുള്ള ലക്ഷ്യങ്ങളെ ആധാരമാക്കി നോക്കുന്നതായാൽ, കേരളലിപിയുടെ പരിണാമം താഴേ കാണുന്ന വിധമായിക്കൂടേ എന്നൊരാൾ എന്നോടു ചോദിക്കുകയുണ്ടായി. ഗൌരവത്തോടെ ഗവേഷണം ചെയ്യേണ്ട ഒരു വിഷയമാകകൊണ്ടു് ആ അഭിപ്രായം അനുസരിച്ചുള്ള വളൎച്ചയെ ഇവിടെ കാണിക്കുന്നു:—ബുദ്ധമതതത്വങ്ങൾ എഴുതീട്ടുള്ള പാലി, ബ്രാഹ്മി, ഗ്രന്ഥവരികൾ, ശാസനങ്ങൾ എഴുതീട്ടുള്ള കോലെഴുത്ത്, കീൎത്തനങ്ങൾ എഴുതീട്ടുള്ള മാർജ്ജാരവടിവുലിപി, മന്നൻകവി മുതലായ ചില കൃതികൾ എഴുതീട്ടുള്ള അശ്വവടിവുലിപി (കുതിരച്ചെവിപോലെ), വട്ടെഴുത്ത് (അക്ഷരങ്ങൾക്ക് ആനയുടെ അടിപോലെ വളവുള്ള കാരണം ഗജവടിവ് എന്നും പറയും), മലയാണ്മ (ദേവനാഗരം എന്ന മാതിരി ദൈവികകൎമ്മങ്ങളേക്കുറിച്ച് ഇതിലേ എഴുത്തു), തമിൾ-മലയാ

ളം (അതായതു ഗ്രന്ഥാക്ഷരം), ഇന്നത്തെ മലയാളം. ഡാക്ടർ ബൎണ്ണൽ മാററങ്ങൾ താഴേ കാണുന്ന വിധത്തിലാണ് ഉണ്ടായതെന്നു കാണിച്ചിരിക്കുന്നു.

ദക്ഷിണാശോകലിപി



വട്ടെഴുത്തു ദക്ഷിണാശോകലിപിയിൽനിന്നുണ്ടായതാണെന്ന് ഒരിക്കലും പറഞ്ഞുകൂടെന്നു ചിലർ മേലുദ്ധരിച്ച ക്രമത്തെ ഖണ്ഡിച്ചു പറയുന്നു. വേണമെങ്കിൽ, അവ രണ്ടും ഒരു മൂലഭാഷയിൽനിന്നുണ്ടായ

താണെന്നു പറയാം; എന്നാൽ തന്നെ, അശോകലിപി, സംസ്കൃതത്തെ ആശ്രയിച്ചും വട്ടെഴുത്തു് ഏതൊ ഒരു ദ്രാവിഡഭാഷയുടെ ഛായയിലുമാണു് വളൎന്നതെന്നാകുന്നു ഇവർ പറയുന്നതു്. ഈ തീരാത്ത തൎക്കങ്ങൾ അങ്ങനെ ഇരിക്കട്ടെ. നമുക്കു പ്രകൃതത്തിലേക്കു പ്രവേശിക്കാം.

ഭൂർജ്ജപത്രം, പട, പലക, ശലാക, ശില, താമ്രപത്രം, പനയോല, കടലാസ് എന്നിവയിൽ സാഹിത്യം, ശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങളടങ്ങീട്ടുള്ളവയും വട്ടെഴുത്തുലിപിയിൽ എഴുതീട്ടുള്ളവയുമായ അനവധി ലക്ഷ്യങ്ങളും ഗ്രന്ഥങ്ങളും ഇന്നുണ്ടു്. ഈ ലിപി അറിയുന്നവർ വളരെ ചുരുക്കം; ഇതിൽ പരിചയിക്കുന്നവർ ഉണ്ടോ എന്നു സംശയമാണു്. അതുകാരണം, ഇത്തരം ഒരു പുസ്തകമുണ്ടായിരിക്കുന്നതു് അത്യാവശ്യമാണു്. ഈ ആവശ്യകതയാണു് ഈ പുസ്തകം ഉണ്ടാക്കിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ഭാഷാപരിഷ്കരണസമിതിയെ പ്രേരിപ്പിച്ചതു്. ഈ ലിപിയിൽ അതിനിപുണനായ ഒരു പണ്ഡിതനെ ലഭിച്ചതു് അതിഭാഗ്യമെന്നാണു് കമ്മിററി വിചാരിക്കുന്നതു്. ഉദ്ദേശം അയ്യായിരം സംവത്സരം മുമ്പെന്നെങ്കിലും സമ്മതിക്കുന്ന ഒരു കാലത്തു മോഹൻ ജൊദാരോവിൽ നടപ്പിലിരുന്ന ലിപികളെ വായിച്ചു മനസ്സിലാക്കിവരുന്ന ലിപിശാസ്ത്രത്തിൽ അസാധാരണമായ ജ്ഞാനത്തോടുകൂടിയ ഡാക്ടർ എൽ. ഏ. രവിവൎമ്മയുടെ വൈദുഷ്യത്തേയും, ഔദാൎയ്യത്തേയും അനഹങ്കാരത്തേയും ഭാഷാഭിമാനത്തേയുംകുറിച്ചു ശരിയായി പ്രശംസിക്കുന്നതിനു ഞാൻ അശക്തനാണെന്നു സമ്മതിക്കുന്നു. ദീനശയ്യയെ ആശ്രയിച്ചിരുന്ന കാലത്തുകൂടി, സ്വസ്ഥനായിരിക്കണമെന്നുള്ള എന്റെ സ്നേഹശാസനകളെ വകവെക്കാതെ, ക്ലേശാവഹമായ ഈ ജോലിയെ തുടൎന്നു് ഈ ഗ്രന്ഥത്തെ പൂൎത്തിയാക്കി ഞങ്ങൾ ഇരുവരുടേയും സൽസഖ്യത്തിനു് ഒരു ഉപഹാരമായി ഇതിനെ എനിക്കു് അയച്ചു കിട്ടിയ സമയം, എന്റെ ജന്മം സഫലമായി എന്നു് എനിക്കു തോന്നി; ഞാൻ എന്റെ ആത്മമിത്രത്തിന്റെ ആയുരാരോഗ്യസൌഖ്യത്തിനായി പ്രാൎത്ഥിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്നേഹശാസന ഒന്നുമാത്രമാണു്

ഇതിനൊരു മുഖവുര എഴുതുന്ന സാഹസകൃത്യത്തിനു് എന്നെ പ്രേരിപ്പിച്ചതു്.

ഇതിന്റെ പ്രസിദ്ധീകരണത്തിൽ കമ്മിററിക്കു ഗവൎമ്മേണ്ടിൽനിന്നും ദിവാൻപേഷ്ക്കാർ അച്യുതമേനവനവർകളിൽനിന്നും കിട്ടീട്ടുള്ള ആനുകൂല്യത്തെ കൃതജ്ഞതയോടുകൂടി കമ്മിററി സ്മരിക്കുന്നു. ഇതു് അച്ചടിക്കുന്നതിൽ ഐ. എസ്സ്. മുദ്രാലയം പ്രദർശിപ്പിച്ചിട്ടുള്ള ശുഷ്കാന്തിയും ശ്രദ്ധയും രേഖപ്പെടുത്തത്തക്കതാകുന്നു.

കുമാരാലയം
എറണാകുളം
2—10—1114.

ടി. കെ. കൃഷ്ണമേനോൻ.

VOWELS = സ്വരങ്ങൾ

	VETTEZHUTHU വെട്ടെഴുത്ത്									KOLE EZHUTHU കോലെഴുത്ത്										MALAYANMA മലയാന്മ		
								C	M			C		M		Tr						
അ																						
ആ																						
ഇ																						
ഈ																						
ഉ																						
ഊ																						
എ																						
ഏ																						
ഐ																						
ഒ																						
ഓ																						
ഔ																						
ം																						

C. = Cochin; കൊച്ചി. M. = Malabar; മലബാർ. Tr. = Travancore, തിരുവിതാംകൂർ.

	VETTEZHUTHU വെട്ടെഴുത്ത്						KOLE EZHUTHU കോലെഴുത്ത്										MALAYANMA മലയാന്മ					
					M						C			M								
-																						
-ാ																						
ി																						
ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
െ-ാ																						
േ-ാ																						
-ൗ																						
-ം																						

M. = Malabar; മലബാർ. C. = Cochin. കൊച്ചി.

	VETTEZHUTHU വെട്ടെഴുത്ത്					KOLE EZHUTHU കോലെഴുത്ത്							MALAYANMA മലയാന്മ									
									C		M											
—																						
-ാ																						
ി																						
ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
െ-ാ																						
േ-ാ																						
-ൗ																						
-ം																						

C. - Cochin, കൊച്ചി. M. - Malabar. മലബാർ

ട

	VETTEZHUTHU വെട്ടെഴുത്ത്	KOLE EZHUTHU കോലെഴുത്ത്	C	M	MALAYANMA മലയാന്മ	T M?
-						
-ാ						
-ി						
-ീ						
-ു						
-ൂ						
െ-						
േ-						
ൈ-						
െ-ാ						
േ-ാ						
-ൃ						
-ം						

C. - Cochin; കൊച്ചി. M. - Malabar. മലബാർ. Tm - Tamil forms found in South Travancore. തെക്കൻ തിരുവിതാംകൂറിൽ കണ്ടുവരുന്ന തമിഴ് രൂപങ്ങൾ

ത

	VETTEZHUTHU വെട്ടെഴുത്ത്							KOLE EZHUTHU കോലെഴുത്ത്									MALAYANMA					
													C	M			മലയാന്മ					
-																						
-ാ																						
-ി																						
-ീ																						
-ു																						
-ൂ																						
-ൃ																						
െ-																						
ൈ-																						
െ-ാ																						
േ-ാ																						
-ൗ																						
-ം																						

C. = Cochin; കൊച്ചി. M. -Malabar; മലബാർ.

പ

	VETTEZHUTHU വെട്ടെഴുത്ത്							KOLE EZHUTHU കോലെഴുത്ത്										MALAYANMA മലയാണ്മ				
														M								
-																						
-ാ																						
-ി																						
-ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
െ-ാ																						
േ-ാ																						
-ൗ																						
-ം																						

M. =Malabar; മലബാർ.

	VETTEZHUTHU വെട്ടെഴുത്ത്						KOLE EZHUTHU കോലെഴുത്ത്						MALAYANMA മലയാണ്മ									
											C	M										
-																						
-ാ																						
ി																						
ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
െ-ാ																						
േ-ാ																						
-ൗ																						
-ം																						

C. = Cochin; കൊച്ചി. M. = Malabar; മലബാർ.

ഞ

	VETTEZHUTHU വെട്ടെഴുത്ത്							KOLE EZHUTHU കോലെഴുത്ത്						MALAYANMA മലയാണ്മ								
												C	M									
-																						
-ാ																						
ി																						
ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
െ-ാ																						
േ-ാ																						
-ൗ																						
-ം																						

C. = Cochin; കൊച്ചി. M. = Malabar; മലബാർ.

	VETTEZHUTHU വെട്ടെഴുത്ത്							KOLE EZHUTHU കോലെഴുത്ത്					MALAYANMA മലയാണ്മ									
-																						
-ാ																						
ി																						
ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ																						
െ-ാ																						
േ-ാ																						
-ൗ																						
-ം																						

	VETTEZHUTHU					KOLE EZHUTHU കോലെഴുത്ത്									MALAYANMA മലയാണ്മ							
	വെട്ടെഴുത്ത്									C			M									
—																						
-ാ																						
ി																						
ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
െ-ാ																						
േ-ാ																						
-ൗ																						
-ം																						

C. = Cochin; കൊച്ചി. M. = Malabar; മലബാർ.

	VETTEZHUTHU					KOLE EZHUTHU കോലെഴുത്ത്										MALAYANMA മലയാണ്മ						
	വെട്ടെഴുത്ത്				C				C				M									
—																						
-ാ																						
ി																						
ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
െ-ാ																						
േ-ാ																						
-ം																						
ൺ																						

C. = Cochin: കൊച്ചി M. = Malabar; മലബാർ.

[illegible]

	VETTEZHUTHU							KOLE EZHUTHU കോലെഴുത്തു്											MALAYANMA			
	വെട്ടെഴുത്തു്						M						C		M		M & C		മലയാണ്മ			
-																						
-ാ																						
-ി																						
-ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
ൊ																						
േ-ാ																						
-ം																						
[illegible]																						

C. = Cochin; കൊച്ചി. M. = Malabar; മലബാർ.

ല

	VETTEZHUTHU വെട്ടെഴുത്ത്	KOLE EZHUTHU കോലെഴുത്ത്	M	MALAYANMA മലയാണ്മ
-ാ				
ി				
ീ				
-ു				
-ൂ				
െ-				
േ-				
ൈ-				
െ-ാ				
േ-ാ				
-ൗ				
-ം				

M. = Malabar; മലബാർ.

ഠ

	VETTEZHUTHU വെട്ടെഴുത്ത്									KOLE EZHUTHU കോലെഴുത്ത്						MALAYANMA മലയാണ്മ						
									C					C	M							
-																						
-ാ																						
ി																						
ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
െ-ാ																						
േ-ാ																						
-ൗ																						
-ം																						

C. = Cochin; കൊച്ചി. M. = Malabar; മലബാർ.

ര

	VETTEZHUTHU വെട്ടെഴുത്ത്	KOLE EZHUTHU കോലെഴുത്ത്	C	M	MALAYANMA മലയാണ്മ
-					
-ാ					
ി					
ീ					
-ു					
-ൂ					
െ-					
േ-					
ൈ-					
െ-ാ					
േ-ാ					
-ൗ					
ർ					

C. = Cochin; കൊച്ചി. M. = Malabar; മലബാർ.

ല

	VETTEZHUTHU വട്ടെഴുത്ത്					KOLE EZHUTHU കോലെഴുത്ത്											MALAYANMA മലയാണ്മ					
				M	C					C			M		Tr							
-																						
-ാ																						
-ി																						
-ീ																						
-ു																						
-ൂ																						
െ-																						
േ-																						
ൈ-																						
െ-ാ																						
േ-ാ																						
ല് (ൽ)																						
-ം																						

C. - Cochin; കൊച്ചി. M. - Malabar; മലബാർ. Tr. - South Travancore. ദക്ഷിണ തിരുവിതാംകൂർ.

വ

	VETTEZHUTHU					KOLE EZHUTHU കോലെഴുത്ത്									MALAYANMA മലയാണ്മ								
	വെട്ടെഴുത്ത്				C					C	M												
-																							
-ാ																							
